# നിയ. 12: 29 - 32
# മത്താ. 22:23 - 33 (22:23 - 37)

ഒക്ടോബർ 29: ഏലിയ-സ്ലീവ-മൂശ 8-ാം ഞായർ

## ഭാഷ്യം

## നിയ. 12: 29 – 32

### I. സന്ദർഭം

വാഗ്ദത്ത ഭൂമി കൈവശപ്പെടുത്തി കഴിയുമ്പോൾ ദൈവാരാധനയുടെ കാര്യത്തിൽ എങ്ങനെ ശ്രദ്ധയുള്ളവരായിരിക്കണമെന്ന് മോശ മൊവാബു താഴ്വരയിൽ വച്ച് ജനത്തെ പ്രബോധിപ്പിക്കുന്നതാണ് ഇന്നത്തെ വായനയിൽ നമ്മൾ കാണുന്നത്. കാനാൻ ദേശക്കാരുടെ അധാർമ്മികമായ ജീവിതമാണ് അവരെ നാശത്തിലേക്ക് നയിച്ചത്. സൂക്ഷിച്ചില്ലെങ്കിൽ അതേ അപകടം ഇസ്രായേൽക്കാർക്കും നേരിടും.

### II. പ്രമേയം

1. കാനാൻകാർ അവരുടെ ദേവന്മാരെ ആരാധിച്ചിരുന്ന രീതികളെ ഇസ്രായേൽക്കാർ പിന്തുടരരുത്.

2. കാനാൻകാരുടെ ആരാധനാ രീതികളിൽ കർത്താവു വെറുക്കുന്ന കാര്യങ്ങളുണ്ടായിരുന്നു. ദേവപ്രീതിക്കു വേണ്ടി അവർ മനുഷ്യക്കുരുതി നടത്തുമായിരുന്നു.

3. ദേവദാസി സമ്പ്രദായവും ആരാധനയുടെ ഭാഗമായി അവർ അനുഷ്ഠിച്ചു പോന്നു.

4. മൃതസംസ്കാരവുമായി ബന്ധപ്പെട്ട് അവർ ചെയ്തിരുന്ന ചില കാര്യങ്ങൾ ദൈവത്തിലുള്ള വിശ്വാസത്തിനു നിരക്കാത്തതായിരുന്നു. മരിച്ചവരെ പ്രതി ശരീരം മുറിപ്പെടുത്തുന്നതും, ശിരസ്സിന്റെ മുൻഭാഗം മുണ്ഡനം ചെയ്യുന്നതും ദുഷ്ടാരൂപികളോടുള്ള ഭയം നിമിത്തമായിരുന്നു.

### III. സന്ദേശം

1. സാംസ്കാരികാനുരൂപണം എന്നത് ആധുനിക സാമൂഹ്യ ജീവിതത്തിന്റെ തന്നെ ശൈലിയായി തീർന്നിരിക്കുന്നു. വസ്ത്രധാരണത്തിലും സാമൂഹ്യാചാരങ്ങളിലും ഭക്ഷണകാര്യങ്ങളിൽ പോലും ചുറ്റുപാടുമുള്ള പ്രബലമായ രീതികൾ മറ്റുള്ളവരെ സ്വാധീനിക്കാറുണ്ട്. ആശയവിനിമയം അതിശയകര

മായ രീതിയിൽ എളുപ്പമായി തീർന്നിരിക്കുന്ന ആധുനിക യുഗത്തിൽ മറ്റു ള്ളവരാൽ സ്വാധീനിക്കപ്പെടാതെ കഴിയുക എന്നത് മിക്കവാറും അസാദ്ധ്യ മായ കാര്യമാണ്. സംസ്കാരങ്ങളുടെ സങ്കലനം ലോക പുരോഗതിക്ക് ഏറെ സഹായകരമായി തീർന്നിട്ടുണ്ട്.

2. എന്നാൽ അനുകരണങ്ങളെ ശ്രദ്ധിക്കണം എന്ന് ഇന്നത്തെ വായന നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രത്യക്ഷത്തിൽ നിർദ്ദോഷകരമായ ആചാരങ്ങളുടെയും പുറകിലുള്ള ചില കാഴ്ചപ്പാടുകളുണ്ട്. ക്രിസ്തീയ വിശ്വാസത്തോട് ചേർന്നു പോകുന്നവയല്ലാ അവയെങ്കിൽ അവിടെ ശ്രദ്ധ ആവശ്യമാണ്. ശിഷ്യത്വത്തിന്റെ പാത കുരിശിന്റെ പാതയാണ്. കുരിശ് ഒഴിവാക്കാനും വിശാലമായ പാത സ്വീകരിക്കാനുമുള്ള പ്രവണത മനുഷ്യ സഹജമാണ്. എന്നാൽ കേവലം സാമൂഹ്യാചാരങ്ങളായി, അതേ സമയം വിശ്വാസവുമായി ബന്ധമില്ലാത്ത കാര്യ ങ്ങളിൽ ഒരുവൻ സ്വീകരിക്കുന്ന അനുരൂപണത്തിന്റെ മാർഗ്ഗം സാഹോദര്യവും മനുഷ്യർ തമ്മിലുള്ള ഐക്യവും കൂട്ടായ്മയും വളർത്തുമെന്നതാണ് സത്യം.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ. 22:23 – 33 (22:23 – 37)

## I. സന്ദർഭം

മത്തായിയുടെ സുവിശേഷത്തിന്റെ തുടക്കത്തിൽ യേശു ക്രിസ്തുവും ദൈവപുത്രനുമാണെന്ന് വ്യക്തമാക്കുന്നു (1:1–4:11). തുടർന്ന്, ദൈവപുത്രനായ യേശു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനും സ്വർഗ്ഗപിതാവിന്റെ മക്കളാകാനുമുള്ള വഴി പഠിപ്പിക്കുന്നു (4:12–11:1). എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ പ്രോക്താവായ ദൈവപുത്രനെ ശ്രോതാക്കൾ അവിശ്വസിക്കുന്നു. യൂദനേതാക്കൾ അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു (11:2–13:52). എന്നാൽ ശിഷ്യർ യേശുവിൽ വിശ്വ സിക്കുന്നു. ദൈവപുത്രനിൽ വിശ്വസിക്കുന്നവരുടെ സമൂഹമായ സഭയെ യേശു രൂപീകരിക്കുന്നതാണ് 14:1–18:35 ലെ പ്രമേയം. യേശുവും യൂദനേതാക്കളും ത മ്മിലുള്ള സംഘർഷം രൂക്ഷമാകുന്നതാണ് 19:1–25:46 വിവരിക്കുന്നത്. ജറു സലെം ദേവാലയത്തിൽ യേശുവും യൂദനേതാക്കളും ഏറ്റുമുട്ടുന്നു (21:12–17; 21:23–23:39). പല വിഷയങ്ങളെ സംബന്ധിച്ച് അവർ തമ്മിൽ വാക്കു തർക്കമു ണ്ടാകുന്നു. അതിൽ ഒരു തർക്ക വിഷയമാണ് ഇന്നത്തെ വചനഭാഗം.

## II. പ്രമേയം

പുനരുത്ഥാനമില്ലെന്നു പറയുന്ന സദുക്കായരോടു യേശു മറുപടി പറയു ന്നു. പുനരുത്ഥാനം ഉണ്ടെന്നു മാത്രമല്ല, അതിന്റെ പ്രത്യേകതകളെക്കുറിച്ചും യേശു പഠിപ്പിക്കുന്നു (22:30).

## III. സന്ദേശം

1. അവിടുന്നു മരിച്ചവരുടെ ദൈവമല്ല, ജീവിക്കുന്നവരുടെ ദൈവമാണ്

(22:32). അബ്രാഹവും ഇസഹാക്കും യാക്കോബും മരിച്ചിട്ടില്ലെന്നാണ് സൂചന. അതായത്, യഥാർത്ഥത്തിൽ ആരും മരിക്കുന്നില്ലെന്നർത്ഥം. നിന്റെ കാര്യത്തിലും ഇതു തന്നെയാണ് സത്യം. മരണത്തോടെ നീയും തീർന്നു പോവുകയില്ല. മറിച്ച്, മരണത്തിനു ശേഷവും നീ തുടർന്നു ജീവിക്കും. രൂപമാറ്റത്തിലേക്കുള്ള ഒരു കവാടം മാത്രമാണ് മരണം. പ്രസവം ഈ ഭൂമിയിലേക്കു കടന്നു വരാനുള്ള കവാടമായിരുന്നപോലെ, മരണവും നിത്യജീവിതത്തിലേക്ക് കടക്കാനുള്ള കവാടമാണ്.

2. സദുക്കായരുടെ ലക്ഷ്യം അവരുടെ ആശയം വാദിച്ചു സ്ഥാപിക്കുക എന്നതായിരുന്നു. അതിനുവേണ്ടി അവർ വിശുദ്ധലിഖിതത്തെ ഉദ്ധരിക്കുന്നു. അവർക്ക് തെറ്റു പറ്റിയെന്നാണ് യേശു പറയുന്നത് (22:29). നിന്റെ വാദത്തെ സ്ഥാപിക്കാനായി നീ വിശുദ്ധലിഖിതത്തെ കൂട്ടുപിടിക്കുമ്പോൾ നിനക്കു തെറ്റുപറ്റും. മറിച്ച് വിശുദ്ധലിഖിതത്തിനനുസരിച്ച് നിന്റെ ബോധ്യങ്ങളെ തിരുത്താൻ ശ്രമിക്കുമ്പോഴാണ് നിനക്ക് രക്ഷ ലഭിക്കുന്നത്. വിശുദ്ധ ലിഖിതത്തിൽ വെളിപ്പെടുന്നത് ദൈവതിരുമനസ്സാണ്. ദൈവതിരുമനസ്സിനെ നിന്റെ താത്പര്യങ്ങൾക്കനുസരിച്ച് വളച്ചെടുക്കുകയല്ല; മറിച്ച് നിന്റെ താത്പര്യങ്ങളെ ദൈവതിരുമനസ്സനുസരിച്ച് രൂപപ്പെടുത്തുകയാണു വേണ്ടത്.

3. പുനരുത്ഥാനത്തിൽ അവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. അവർ സ്വർഗ്ഗദൂതന്മാരെപ്പോലെയായിരിക്കും (22:30). അതായത് ആരും ആരേയും അവകാശപ്പെടുത്തില്ല; ആരും ആരുടേയും സ്വന്തമായിരിക്കില്ല എന്നർത്ഥം. എല്ലാവരും ദൈവത്തിനുമാത്രം സ്വന്തം. കാരണം എല്ലാവരും ദൈവമക്കളായിരിക്കും. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് കൂടെയുള്ളവരെ നീ വളർത്തണം. നിന്റെ അവകാശവും, നിന്റെ സ്വത്തുമാക്കി അവരെ എന്നും വച്ചുകൊണ്ടിരിക്കരുത്. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് വളർത്തി വിടുമ്പോൾ നീ അവരെ പുനരുത്ഥാനത്തിനും സ്വർഗ്ഗരാജ്യത്തിനും ഒരുക്കുകയാണ് ചെയ്യുന്നത്.

**ഡോ. ജേക്കബ് നാലുപറയിൽ MCBS**

# പ്രസംഗം

## ജീവിക്കുന്നവരുടെ ദൈവം

സ്വർഗ്ഗം എന്ന മഹാസൗഭാഗ്യം ലഭിക്കാൻ വേണ്ടി ടെൻഷൻ അടിച്ച്, ദൈവം തന്നിരിക്കുന്ന ഈ ജീവിതം ജീവിക്കാൻ മറന്നു പോവുകയാണ് ഇന്നത്തെ മനുഷ്യൻ. ഈ ഭൂമിയിൽ ജീവിച്ചു തീർക്കാൻ ദൈവം നൽകിയ ഈ ജീവിതം അതിന്റെ പരിപൂർണ്ണതയിൽ ജീവിച്ച് തീർക്കാനാണ് നാം പരിശ്രമിക്കേണ്ടത്. യേശുവിന്റെ ശവശരീരം അന്വേഷിച്ച് കല്ലറയിങ്കലെത്തിയ സ്ത്രീകളോട് ദൂതൻ പറയുന്നത് 'ജീവിച്ചിരിക്കുന്നവനെ നിങ്ങൾ എന്തിനാണ് മരിച്ചവരുടെ ഇട

യിൽ അന്വേഷിക്കുന്നത്' (ലൂക്കാ 24: 5) എന്നാണ്.

പ്രസിദ്ധനായ ഒരു സുവിശേഷക പ്രസംഗകൻ തന്റെ ശുശ്രൂഷകളുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളിൽ നിരാശനായി മാറി. ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ കറുത്ത വസ്ത്രങ്ങൾ അണിഞ്ഞ് അയാളുടെ മുന്നിൽ വന്നു. സാധാരണ ദുഃഖസൂചകമായാണ് കറുത്ത വസ്ത്രങ്ങൾ ധരിക്കുക.

അയാൾ ചോദിച്ചു, "ആരാ മരിച്ചത്?" ഭാര്യ തെല്ലും കൂസാതെ മറുപടി പറഞ്ഞു, "ദൈവം, അല്ലാതാരാ?" ഭാര്യയുടെ മറുപടി കേട്ട് അയാൾ വീണ്ടും ചോദിച്ചു, "കളിയാക്കാതെ കാര്യം പറ, ആരാ മരിച്ചത്?" ഭാര്യ പറഞ്ഞു, "നിങ്ങൾ പ്രസംഗിക്കുന്ന ആ ദൈവമുണ്ടല്ലോ, ആ ദൈവം മരിച്ചു."

ഭാര്യയ്ക്ക് വട്ടായിപ്പോയെന്ന് അയാൾക്ക് തോന്നി. ഭാര്യ പറഞ്ഞു, "എനിക്ക് വട്ടൊന്നുമില്ല. നിങ്ങളല്ലേ എന്നും പ്രസംഗിക്കുന്നത്, ദൈവം സർവ്വശക്തനാണ്, എല്ലാം നന്മയ്ക്കായി മാറ്റും എന്നൊക്കെ. പിന്നെ നിങ്ങളെന്തിനു നിരാശനായി ഇരിക്കുന്നു." അയാൾക്ക് കാര്യം മനസ്സിലായി.

ജീവിതദുഃഖങ്ങളിൽ നിരാശരായി ഇരിക്കുമ്പോൾ ദൈവം മരിക്കും. എന്നാൽ പ്രത്യാശയിൽ ജീവിക്കുമ്പോൾ ദൈവം ജീവിക്കും.

ദൈവത്തെ അന്വേഷിക്കേണ്ടത് സെമിത്തേരിയിൽ അല്ല. നമ്മുടെ ചുറ്റുപാടും കണ്ണോടിക്കുക. ദൈവത്തെ കണ്ടെത്താൻ നമുക്ക് പ്രയാസമുണ്ടാകില്ല. എയ്ഡ്സ് രോഗിയുടെ രൂപത്തിൽ, ഒരു യാചകന്റെ വേഷത്തിൽ, അതുമല്ലെങ്കിൽ ജോലിയില്ലാതെ വിഷമിക്കുന്നവന്റെ രൂപത്തിൽ - ഇങ്ങനെ പല രൂപത്തിലും ഭാവത്തിലും ദൈവം ജീവിക്കുന്നു. മരിച്ചവരുടെ ഇടയിൽ അല്ല. ജീവിക്കുന്നവരുടെ ഇടയിൽ. ഈ ദൈവത്തെ കാണാതെ, മരിച്ച് കഴിഞ്ഞ് സ്വർഗ്ഗത്തിൽ എന്തു സംഭവിക്കുമെന്നോർത്ത് ആകുലപ്പെട്ട്, ദൈവം തന്ന നല്ല ജീവിതം ആകുലപ്പെട്ടും നിരാശപ്പെട്ടും ദുർവാസനകളിൽ മുഴുകിയും സഹോദരങ്ങളെ സ്നേഹിക്കാതെയും നന്മ ചെയ്യാതെയും ജീവിച്ചാൽ സ്വർഗ്ഗം ഒരു സ്വപ്നമായി മാറും. സ്വർഗ്ഗത്തിന്റെ ഏഴയലത്തു പോലും എത്താൻ നമുക്ക് സാധിക്കില്ല. ദൈവത്തെ സ്നേഹിച്ചും സഹോദരങ്ങൾക്ക് നന്മ ചെയ്തും സ്വർഗ്ഗം നേടാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. ഷിബു പുളിക്കൽ**